## ദേശീയ നഗര ഉപജീവന ദൗത്യം നാളിതുവരെയുള്ള പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ (2017 ഒക്ടോബർ– ജനുവരി 2020)


ജിതേഷ് തോമസ് , സിറ്റി മിഷൻ

മാനേജർ

കുടുംബശ്രീ ദേശീയ നഗര ഉപജീവന ദൗത്യം, ശ്രീകണ്ഠപുരം ആന്തൂർ നഗരസഭ


### നൈപുണ്യ പരിശീലനവും തൊഴിലും

നഗര ദരിദ്രരിൽ ഉൾപ്പെടുന്ന യുവതീയുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽ നേടിക്കൊടുക്കുന്നതിനായി നടത്തിയ പരിശീലനത്തിൽ ഉൾപ്പെടുത്തി 47 പേർക്ക് കണ്ണൂർ കോർപറേഷൻലും, , 7 പേർക്ക് തളിപ്പറമ്പ നഗരസഭയിലും 13 പേർക്ക് പാനൂർ,നഗരസഭയിലും 92 പേർക്ക് ശ്രീകണ്ഠപുരം നഗരസഭയിലും, 49 പേർക്ക് ആന്തൂർ നഗരസഭയിലും ആകെ 208 പേർക്ക് പരിശീലനം നൽകി അതിൽ ആകെ 72 പേർക്ക് നിയമനം ലഭ്യമാക്കുകയും ചെയ്തു.

ഇതിലേക്കായി കണ്ണൂർ കോർപറേഷൻ, പാനൂർ, തളിപ്പറമ്പ ശ്രീകണ്ഠപുരം, ആന്തൂർ,നഗരസഭകളിൽ യുവതീ യുവാക്കളെ ഉൾപ്പെടുത്തി ഒരുപ്രത്യേക മീറ്റിംഗ് വിളിച്ചുചേർക്കുകയുംപ്രസ്തുത പരിപാടിയിൽ ആകെ 500 യുവതീയുവാക്കൾ പങ്കെടുക്കുകയുണ്ടായി. ഇവരിൽ നിന്നും യോഗ്യതയുള്ളവരെ തിരഞ്ഞെടുത്ത് അനുയോജ്യമായ പരിശീലനങ്ങളക്ക് ചേർക്കുകയാണ് ചെയ്തത്.

**സ്വയംതൊഴിൽ പദ്ധതി**

നഗര ദരിദ്രരിൽ സ്വയം തൊഴിൽ ആരംഭിക്കാൻ താല്പര്യമുള്ളവരെ കണ്ടെത്തി കുടുംബശ്രീ ദേശീയ നഗര ഉപജീവന യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ബാങ്കുകളുമായി ബന്ധപ്പെടുത്തി പലിശസബ്സിഡി ഇനത്തിൽ വായ്പ ലഭ്യമാക്കി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് സാമ്പത്തീക ഉന്നമനം ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 7 വ്യക്തിഗത സംരംഭങ്ങളും 3 കൂട്ട് സംരംഭങ്ങളും കണ്ണൂർ കോർപറേഷൻലും, , 4 വ്യക്തിഗത, സംരംഭങ്ങൾ പാനൂർ നഗരസഭയിലും 15 വ്യക്തിഗത സംരംഭങ്ങളും 8 കൂട്ട് സംരംഭങ്ങളും

**ശ്രീകണ്ഠപുരം നഗരസഭയിലും, 33 വ്യക്തിഗത സംരംഭങ്ങളും 5 കൂട്ട് സംരംഭങ്ങളും ആന്തൂർ നഗരസഭയിലും ആകെ 71 സംരംഭങ്ങൾ ആരംഭിച്ചുകൊ് ആകെ 109 പേർക്ക് ഉപജീവന മാർഗം ഉറപ്പുവരുത്തുകയും ചെയ്തു.**

**സംരംഭകത്വ വികസന പരിശീലനം:**

**ഇതിനായി കുടുംബശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേകം സംരംഭകത്വ വികസന പരിശീലനം നൽകുകയും ഇതിലൂടെ സംരംഭകത്വ കഴിവുകൾ ഉൽഘോഷിപ്പിക്കുവാൻ സാധിക്കുകയും ചെയ്തു.** കണ്ണൂർ കോർപറേഷനിൽ 85 പേർക്ക് സംരഭക വികസന പരിശീലനം സംഘടിപ്പിച്ചു.തളിപ്പറമ്പനഗരസഭയിൽ EDP പരിശീലനം നടത്തി 42 പേര് പങ്കെടുത്തു. ആന്തൂർ നഗരസഭയിൽ 62 പേർക്ക് EDP പേർക് പരിശീലനം ലഭ്യമാക്കി ശ്രീകണ്ഠപുരം നഗരസഭയിൽ 48 പേർക് EDP പരിശീലനം സംഘടിപ്പിച്ചു

**വനിതകളുടെ കെട്ടിട നിർമാണ യൂണിറ്റ്**

**കുടുംബശ്രീ അംഗങ്ങളെ ഉള്പെടുത്തിക്കൊ് പ്രത്യേകം പരിശീലനം നൽകിക്കൊ** കൊണ്ട് **ഒരു കെട്ടിടനിർമാണ യൂണിറ്റ് രൂപീകരിച്ചു. 28 വനിതകളെ ഉൾപെടുത്തിക്കൊണ്ട്** ശ്രീകണ്ടാപുരം നഗരസഭയിൽ **കെട്ടിട നിർമാണ യൂണിറ്റുകൾ തുടങ്ങുകയും, നഗരസഭയിൽ പ്രസ്തുത നിർമാണ യൂണിറ്റ് പ്രധാൻ മന്ത്രി ആവാസ് യോജന പദ്ധതി പ്രകാരമുള്ള ഒരു വീട് ഏറ്റെടുക്കുകയും വളരേ ഭംഗിയായി വീട് നിർമിച്ച് നൽകുകയും ചെയ്തു.** പരിശീലനത്തിന്റെ രണ്ടാം ഘട്ടമായി **3** ഗ്രൂപ്പുകളാക്കി തിരിച്ചു വീട് നിർമാണം ആരംഭിച്ചു

**തെരുവോരകച്ചവടക്കാർക്കുള്ള
പിന്തുണ**

**നഗരത്തിൽ ഏറ്റവും കൂടുതൽ പ്രശനങ്ങൾ അനുഭവിക്കുന്ന ഒരു വിഭാഗമാണ് തെരുവോര കച്ചവടക്കാർ, നിരന്തരം സ്ഥലം ഒഴിപ്പിക്കലും മറ്റ് വിവിധ പ്രശനങ്ങൾ ഉന്നയിച്ചു** കൊണ്ട് **കച്ചവടങ്ങൾക്ക് വിവിധ മേഖലകളിൽ നിന്നും പല വിധങ്ങളിലായുള്ള ചോദ്യങ്ങൾ നേരിടേിവരുന്നവരായ ഇത്തരം കച്ചവടക്കാരാണ് നഗരത്തിലെ സാധാരണ ജനങ്ങളുടെ ആശ്രയം,കുറഞ്ഞ വിലയിൽ മൂല്യമുള്ള ഉൽപന്നങ്ങൾ ലഭിക്കും എന്നുള്ളതിനാൽ കൂടുതൽ പേരും ഇവരെ ആശ്രയിക്കുന്നു. ഈ വിഭാഗം നഗര ദരിദ്രരെ സാമ്പത്തീക സ്രോതസ് ഉറപ്പ് വരുത്തുക എന്ന**

**ലക്ഷ്യത്തോടെ കുടുംബശ്രീ ദേശീയ നഗര ഉപജീവന യജ്ഞം പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നപദ്ധതിയാണ് തെരുവോര കച്ചവടക്കാർക്കുള്ള പിന്തുണ. ഈ ഘടകപ്രകാരം തെരുവോര കച്ചവടക്കാരെ കണ്ടെത്തിയതിൽ വിവിധ തലങ്ങളിലെ പരിശോധനകൾ നടത്തി നഗര തെരുവോര കച്ചവട സമിതിയിൽ അവതരിപ്പിച്ച് കണ്ണൂർ മുനിസിപ്പൽ കോർപറേഷനിൽ 474 തെരുവോര കച്ചവടക്കാരെ** കണ്ടെത്തിയ **ആദ്യഘട്ടത്തിൽ 10 പേർക്കും 2 ഘട്ടം പുനർപരിശോധന നടത്തി 264 പേർക്ക് ബയോമെട്രിക് ഐഡി കാർഡ് നൽകുന്നതിന്** വേണ്ട **പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. ശ്രീകണ്ഠപുരം നഗരസഭയിൽ** കണ്ടെത്തിയ **52 പേർക്കും തിരിച്ചറിയൽ കാർഡ് നൽകി, ആന്തൂർ നഗരസഭയിൽ** കണ്ടെത്തിയ **42 പേർക്കും തിരിച്ചറിയാൽ കാർഡ് നൽകുകയും,** പാനൂർ **നഗരസഭയിൽ** റീസർവേ നടത്തി 22 പേരെ കണ്ടെത്തി **അധികമായി** കണ്ടെത്തിയ **3 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി.** നിലവിൽ ശ്രീകണ്ഠാപുരം, ആന്തൂർ നഗരസഭകളിൽ വെൻഡിങ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു

**വനിതാതെരുവോരകച്ചവടക്കാരും കുടുംബശ്രീയും**

ആന്തൂർ, ശ്രീകണ്ഠാപുരം **നഗരസഭയിൽ സർവ്വേയിൽ** കണ്ടെത്തിയ മുഴുവൻ **വനിതാ തെരുവോര കച്ചവടക്കാ**രെ **കുടുംബശ്രീ അംഗങ്ങളാക്കാൻ സാധിച്ചു.**

**സാമൂഹീകസംഘാടനവുംസ്ഥാപന വികസനവും**

**കുടുംബശ്രീയുടെ സുപ്രധാന ഘടകമായ അയൽക്കൂട്ടങ്ങളുടെ രൂപീകരണവും ശാക്തീകരണവും മിതവ്യയ സംവിധാനം, ആന്തരീക വായ്പ, ബാങ്കുമായി ബന്ധപ്പെടുത്തിയുള്ള പലിശ സബ്സിഡിയോടുകൂടിയുള്ള വായ്പ സംവിധാനം എന്നിവ ഉൾപ്പെടുന്ന ഈ ഘടകത്തിൽ,ഈ കാലയളവിൽ കണ്ണൂർ കോർപറേഷനിൽ 85 അയൽക്കൂട്ടങ്ങളും, ശ്രീകണ്ഠപുരം നഗരസഭയിൽ 53അയൽക്കൂട്ടങ്ങളും, ആന്തൂർ നഗരസഭയിൽ 52അയൽക്കൂട്ടങ്ങളും ചേർത്ത് ആകെ 190 അയക്കൂട്ടങ്ങൾ രൂപീകരിക്കാൻ സാധിച്ചു. ഇങ്ങനെ രൂപീകരിച്ച അയൽക്കൂട്ടങ്ങൾ മുഖാന്തിരം 2640 ൽ പരം വനിതകളെ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കാനും അവരിൽ സമ്പാദ്യ**

ശീലം വളർത്തുന്നതിനും പലരെയും സ്വയം തൊഴിൽ മേഖലയിലേക്ക് കൈപിടിച്ചുയർത്തുന്നതിനും സാധിച്ചു.

നിലവിൽ രൂപീകരിച്ച അയൽക്കൂട്ടങ്ങളിൽ നിർജീവമായവയിൽ ആന്തൂർ നഗരസഭയിൽ 2 ശ്രീകണ്ഠാപുരം നഗരസഭയിൽ 1 കണ്ണൂർ കോർപറേഷനിൽ 3 അയൽക്കൂട്ടങ്ങളും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു.

റിവോൾവിങ്
ഫണ്ട് (RF)

ഈ കാലയളവിൽ കണ്ണൂർ കോർപറേഷനിൽ 54 എ ഡി എസുകൾക്കും 187 അയൽക്കൂട്ടങ്ങൾക്കും,ശ്രീകണ്ഠപുരം നഗരസഭയിൽ 20 എ ഡി എസുകൾക്കും 311 അയൽക്കൂട്ടങ്ങൾക്കും, ആന്തൂർ നഗരസഭയിൽ 28 എ ഡി എസുകൾക്കും 256 അയൽക്കൂട്ടങ്ങൾക്കും, റിവോൾവിങ് ഫണ്ട് ലഭ്യമാക്കിക്കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്

അയൽക്കൂട്ടങ്ങൾക്കായുള്ളലിങ്കേജ്
വായ്പ

ഈ കാലയളവിൽ ബാങ്കുമായി ബന്ധപ്പെടുത്തി പലിശ സബ്സിഡിയോടുകൂടി വായ്പ ലഭ്യമാക്കുന്നതിൽ കണ്ണൂർ മുനിസിപ്പൽ കോർപറേഷനിൽ 178 അയൽക്കൂട്ടങ്ങൾക്കായി 49247000 രൂപയും, ശ്രീകണ്ഠപുരം നഗരസഭയിൽ 252 അയൽക്കൂട്ടങ്ങൾക്ക് 108153000 രൂപയും, ആന്തൂർ നഗരസഭയിൽ 156അയൽക്കൂട്ടങ്ങളാക്കായി 37550000 രൂപയും ഉൾപ്പെടെ ആകെ 586 അയൽകൂട്ടങ്ങൾക്ക് 194950000 രൂപ ലഭ്യമാക്കാൻ സാധിച്ചു.

റിലേഷൻഷിപ്
കേരള

2019-20 സാമ്പത്തീക വർഷത്തെ കുടുംബശ്രീ മിഷൻറെ പ്രത്യേക പ്രവർത്തനത്തിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത കർമ്മ പരിപാടിയാണ് റിലേഷൻഷിപ് കേരള. ഇതിലൂടെ സമൂഹത്തിൽ ഒറ്റപ്പെട്ടുനിൽക്കുന്ന/ മാറ്റി നിർത്തപ്പെടുന്ന വിഭാഗങ്ങളെ ഉൾപ്പെടുത്തി പ്രത്യേകം അയൽക്കൂട്ടങ്ങൾ രൂപീകരിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത വർഷം വയോജനങ്ങളെയും ഭിന്നശേഷിക്കാരെയും കുടുംബശ്രീ സംവിധാനത്തിൽ ചേർത്ത് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത്തിലേക്കായി ആന്തൂർ നഗരസഭയിൽ 28 വയോജന അയൽക്കൂട്ടങ്ങളും

രൂപീകരിക്കുകയു്ായി ശ്രീകണ്ടാപുരം നഗരസഭയിൽ 29 വയോജന അയൽക്കൂട്ടങ്ങളും 4 ഭിന്നശേഷി അയൽക്കൂട്ടങ്ങളും രൂപീകരിക്കുക യുണ്ടായി.

## പ്രത്യേക പരിപാടികൾ

### സ്പർശം ക്യാമ്പയിൻ

നഗര പ്രദേശങ്ങളിൽ അധിവസിക്കുന്ന നഗര ദരിദ്രരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, ഇത്തരത്തിലുള്ള നഗര ദരിദ്രരെ കുടുംബശ്രീയുടെയും മറ്റ് ഗവൺമെൻറ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കുടുംബശ്രീ അംഗങ്ങളാക്കുന്നതിനും താഴേക്കിടയിൽനിന്നും തന്നെ വിവരങ്ങൾ ശേഖരിച്ച് പദ്ധതികൾ തയാറാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാനമിഷൻറെ നേതൃത്വത്തിൽപ്രാത്യേകം നടപ്പിലാക്കിയ ഒരു മാസ ക്യാമ്പയിൻ ആണ് സ്പർശം ക്യാമ്പയിൻ,പ്രസ്തുതക്യാമ്പയിൻപ്രകാരം എല്ലാ നഗരസഭ/കോപ്പറേഷൻ എന്നിവിടങ്ങളിലെ മുഴുവൻ അയൽക്കൂട്ടങ്ങളെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് നേരിട്ട് വിവരങ്ങൾ ശേഖരിക്കുകയും, ആ വിവരങ്ങൾ ഉൾപെടുത്തിക്കൊ് ഒരുവർഷത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രവർത്തനം കാഴ്ചവെക്കാൻ സാധിച്ചു.

### ഷെഹരിസമൃദ്ധി ഉത്സവ്

ദേശീയ നഗര ഉപജീവന ദൗത്യത്തിൻറെ ഭാഗമായി ദേശീയ മിഷൻറെ ഉത്തരവ് പ്രകാരം നടത്തിയപ്രത്യേക പരിപാടിയാണ് ഷെഹരി സമൃദ്ധി ഉത്സവ് ഈ പരിപാടിയുടെ ഭാഗമായി ദേശീയ നഗരഉപജീവന ദൗത്യം പദ്ധതിയുടെയും മറ്റ് കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ സമൂഹ്യ ക്ഷേമപദ്ധതികളുടെയും പ്രചാരണത്തിനായി വിളംബര ഘോഷയാത്ര നടത്തുകയും, വാർഡ് തലങ്ങളിൽപ്രത്യേകം പരിപാടികൾ സംഘടിപ്പിച്ചു കൊണ്ട് വിവിധ സർക്കാർ ക്ഷേമ പദ്ധതികളിൽ അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്തു.

ഈ പരിപാടിയുടെ ഭാഗമായി ശ്രീകണ്ഠപുരം നഗരസഭയിൽനിന്നും 145 പേർക്ക് പ്രധാനമന്ത്രി ഉജ്ജ്വൽയോജന പദ്ധതിയിൽ ഉൾപ്പെടുത്തി പാചക ഗ്യാസ് സൗകര്യവും, 17 പേർക്ക് ജൻധൻ യോജനപദ്ധതിപ്രകാരം ബാങ്ക്

**അക്കൗ് ലഭ്യമാക്കുകയും, 54 പേരെ സർക്കാറിന്റെ വിവിധ ഇൻഷുറൻസ്പദ്ധതികളിൽ അംഗങ്ങളാക്കുകയും ചെയ്തു. ആന്തൂർ നഗരസഭയിൽനിന്നും 95 പേർക്ക് പ്രധാനമന്ത്രി ഉജ്ജ്വൽ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി പാചക ഗ്യാസ് സൗകര്യവും, 12 പേർക്ക് ജൻധൻ യോജന പദ്ധതിപ്രകാരം ബാങ്ക് അക്കൗ് ലഭ്യമാക്കുകയും, 15 പേരെ സർക്കാറിന്റെ വിവിധ ഇൻഷുറൻസ് പദ്ധതികളിൽ അംഗങ്ങളാക്കുകയും ചെയ്തു.**

**സ്കിൽഗ്യാപ്**
**അനാലിസിസ്**

**കുടുംബശ്രീ ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയിലെ ഉപ ഘടകമായ തൊഴിൽ നൈപുണ്യപരിശീലനവും തൊഴിലും എന്ന ഘടകത്തിൽ ഓരോ നഗരസഭയിലെ/കോർപറേഷനിലെ തൊഴിൽ നൈപുണ്യ പരിശീലനം നേടുന്നവർക്ക് തൊഴിൽ സാധ്യത കെത്തുന്നതിനും പ്രാദേശീകമായി ലഭ്യമായ തൊഴിൽ സാധ്യതകൾക്കനുസരിച്ച് നൈപുണ്യ പരിശീലനങ്ങൾ നടപ്പിലാക്കുന്നതിനും ആവശ്യമായ ഒരു പഠനം നടത്തുന്നതിനായി നടപ്പിലാക്കിയ ഒരു വിഷയ കേന്ദ്രീകൃത ചർച്ചയാണ് സ ്കിൽ ഗ്യാപ് അനാലിസിസ്. ഇതിലേക്കായി ശ്രീകണ്ഠപുരം നഗരസഭയിൽ നടത്തിയ ചർച്ചയിൽ 8 വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുകയും 10 ന് മുകളിൽ തൊഴിൽ സാധ്യതകൾ കെത്തുവാനും സാധിച്ചു. ആന്തൂർ നഗരസഭയിൽ നടത്തിയ ചർച്ചയിൽ 5 വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുകയും 8 ന് മുകളിൽ തൊഴിൽ സാധ്യതകൾ** കണ്ടെത്തുവാനും **സാധിച്ചു.**

**എസ്ഇപി ഗ്യാപ്**
**അനാലിസിസ്**

**ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതിയുടെ ഉപഘടകമായ സ്വയം തൊഴിൽ ഘടകത്തിന്റെഭാഗമായി നഗര പ്രദേശത്ത് തുടങ്ങാൻ കച്ചവട സാധ്യതയുള്ള സംരംഭങ്ങൾ കെത്തുന്നതിനായിഒരു പഠനം നടത്തുകയുായി. ഈ പഠനത്തിലൂടെ ,ശ്രീകണ്ഠപുരം നഗരസഭയിൽ 4 ,** ആന്തൂർ **നഗരസഭ 5 ന് മുകളിൽസംരംഭ സാധ്യതകൾ** കണ്ടെത്തുവാനും **സാധിച്ചു.**

സ്വച്ഛതഎക്സലൻസ് അവാർഡ്

സ്വച്ഛത എക്സലൻസ് അവാർഡിന്റെ ഭാഗമായി ജില്ലയിലെ എല്ലാക്ളബ് കളിൽ നിന്നും അപേക്ഷ അയക്കുകയുംപ്രവർത്തനങ്ങൾക് നേതൃത്വവും നൽകി. ആദ്യ ഘട്ടത്തിൽ

ചാർജ് ഉണ്ടായിരുന്ന പാനൂർ നഗരസഭയെ ഫൈനൽ ലിസ്റ്റിൽ ഉൾപ്പെടുത്തുവാനും രണ്ടാം ഘട്ടഘട്ടത്തിൽ കേന്ദ്രത്തിൽ നിന്നും ഷോർട് ലിസ്റ്റ് ചെയ്തതിൽ ആന്തൂർ നഗരസഭയെയും ഉൾപെടുത്തുവാനും സാധിച്ചു .

കർക്കിടക കഞ്ഞി ഫെസ്റ്റ്

ശ്രീകണ്ടാപുരം നഗരസഭയിൽ കർക്കിടക കഞ്ഞി മേള സംഘടിപ്പിച്ചു.

പ്രസ്തുത പരിപാടിയിൽ 12750 രൂപയുടെ കച്ചവടം പങ്കടുത്ത ഗ്രൂപ്പിന് ലഭ്യമായി.

**വയോജന സംഗമം**

**വയോജന അയൽക്കൂട്ടങ്ങളുടെ നിരന്തരമായ ശുപാർശ പ്രകാരം സംഘടിപ്പിച്ച വയോജന സംഗമത്തിൽ വയോജന അയൽക്കൂട്ട അംഗങ്ങളുടെ കലാ പരിപാടികളും ആരോഗ്യവകുപ്പും സാമൂഹ്യ സുരക്ഷാ മിഷനുമായി ചേർന്ന് മെഡിക്കൽ ക്യാമ്പും നടത്തുകയു്ായി**. പ്രസ്തുത പരിപാടി വയക്കര, നിടിയേങ്ങ വാർഡുകളിൽ സംഘടിപ്പിച്ചു

ഇന്നൊവേറ്റീവ് SEP

1.ശ്രീകണ്ഠപുരംനഗരസഭയിൽ ഹൌസ് കീപ്പിങ് യൂണിറ്റ് ആരംഭിച്ചു . ചഞ്ചൽസ് ക്ലീൻ ഹോം കെയർ ഹോം എന്ന പേരിൽ വനിതാ സംരഭമായി ആരംഭിച്ചു നല്ല നിലയിൽ മുന്പോട് പോകുന്നു.

ആയുർവേദ പ്രോഡക്റ്റ് മാനുഫാക്ചറിംഗ് യൂണിറ്റ്

ശ്രീകണ്ടാപുരം നഗരസഭ എൻ യു എൽ എം പദ്ധതിയുടെ ഭാഗമായി മരങ്ങാട്ടുപള്ളി കുഞ്ഞേട്ടൻ എന്ന ബ്രാൻഡിൽ വിവിധ ആയുർവേദ ഉൽപന്നങ്ങൾ നിർമാണവും വിതരണവും നടത്തി വരുന്നു.കൂടാതെ സരസ മേളയിലൂടെയും ഉല്പന്നങ്ങൾ വിട്ടു വരുന്നു. ആമസോൺ സഹേലിയിൽ നഗരസഭയിൽ നിന്നും അംഗീകരിച്ച ഉത്പന്നം ആണ് ഇത്.

കയർ കോ ഡീഫൈബറിങ് യൂണിറ്റ്.

ആന്തൂർ നഗരസഭ കുടുംബശ്രീ cds ന്റെ ആഭിമുഖ്യത്തിൽ ചകിരി നിർമാണ യൂണിറ്റ് ആരംഭിച്ചു കഴിഞ്ഞ സാമ്പത്തിക വർഷം. 5 പേര് അടങ്ങുന്ന ആണ് കാര്യങ്ങൾ ചെയ്തു വരുന്നത്. നിലവിൽ പ്രവർത്തനം നന്നായി നടന്നു വരുന്നു.